**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2016–ലെ യോഗ നടപടിക്കുറിപ്പ്**

യോഗം ഉച്ചകഴിഞ്ഞ് 3 മണിക്ക് ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.02.2016–ലെ മിനിട്സ് അംഗീകരിച്ചു

**2. പൊതുവിഷയങ്ങൾ**

2.1 **1217** തദ്ദേശഭരണ സ്ഥാപനങ്ങൾ **2240.04** കോടി രൂപ (**36.86** %) ചെലവഴിച്ചതായും ഇതിൽ **976** ഗാമപഞ്ചായത്തുകൾ **1304.89**കോടി രൂപയും (**41** %), **152** ബ്ലോക്ക് പഞ്ചായത്തുകൾ **307.39** കോടി രൂപയും (**42 %) 14** ജില്ലാ പഞ്ചായത്തുകൾ **177.88** കോടി രൂപയും (**30.59**%), **70** മുനിസിപ്പാലിറ്റികൾ **216.20** കോടി രൂപയും, (**33.74**%), **5** കോർപ്പറേഷനുകൾ **136.65** കോടി രൂപയും (**23.13** %), ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു.

**2.2** പൊതുമരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനും പ്രവൃത്തി നിർവഹണത്തിനും പൂർത്തിയായ പ്രവൃത്തികളുടെ ബില്ലുകൾ തയ്യാറാക്കുന്നതിനും കാലതാമസം ഉണ്ടാകുന്നതായി പ്രാദേശിക അവലോകന യോഗങ്ങളിൽ പരാതി ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടു. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ജില്ലയിൽ നിന്നുമുള്ള എഞ്ചിനീയർമാരുടെ പ്രതിമാസ അവലോകനയോഗം നടത്തേണ്ടതാണെന്നും ചീഫ് എഞ്ചിനീയർ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പ്രതിമാസ അവലോകനം നടത്തണമെന്നും നിർദ്ദേശിച്ചു.

**2.3** 30.9.2015–ലെ കോഓർഡിനേഷൻ കമ്മിറ്റി അംഗൻവാടി വർക്കർമാർക്ക് നൽകുന്ന വേതനം 6600 രൂപയിൽ നിന്നും 10000 രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിരുന്നു. ഇതിൽ 1000 രൂപ സർക്കാർ ഫണ്ടിൽ നിന്നും നൽകണമെന്നും ബാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകണമെന്നും നിർദ്ദേശിക്കുകയുണ്ടായി. 23.12.2015–ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ അംഗൻവാടി വർക്കർമാരുടെ വേതനം വർദ്ധിപ്പിക്കുന്നതോടൊപ്പം ഹെൽപ്പർമാരുടെ വേതനം 7000 രൂപയായി വർദ്ധിപ്പിക്കുന്നതിനും നിശ്ചയിച്ചു. പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാനുമായി ബന്ധപ്പെട്ട് ഇതിനുള്ള ഉത്തരവ് പുറപ്പെടുവിക്കാനും നിർദ്ദേശിച്ചിരുന്നു. അംഗൻവാടി വർക്കർമാരുടെ വർദ്ധിപ്പിച്ച വേതനത്തിൽ 1000 രൂപ സർക്കാർ നൽകണമെന്ന 30.09.2015–ലെ തീരുമാനത്തിൽ സർക്കാർ അനുകൂല ഉത്തരവ് പുറപ്പെടുവിക്കാത്തതിനാൽ വർദ്ധിപ്പിച്ചു നൽകേണ്ട മുഴുവൻ തുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും നൽകേണ്ടതുണ്ട്. പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ വർദ്ധിപ്പിച്ചു നൽകേണ്ട തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ടിൽ നിന്നും നൽകുവാനും തനത് ഫണ്ട് ലഭ്യമല്ല എന്ന് ഡി.ഡി.പിയും ജില്ലാ പ്ലാനിംഗ് ഓഫീസറും സാക്ഷ്യപ്പെടുത്തുന്ന സ്ഥിതിയിൽ വികസന ഫണ്ടിൽ നിന്നും നൽകാമെന്ന് അഭിപ്രായപ്പെടുകയുണ്ടായി. മേൽ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വർദ്ധിപ്പിച്ച വേതനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും നൽകുന്നതിന്

അനുവാദം നൽകി തീരുമാനിച്ചു. വർദ്ധിപ്പിച്ച വേതനം 01.04.2016 മുതൽ പ്രാബല്യത്തിൽ വരുന്നതാണെന്നും നിർദ്ദേശിച്ചു.

**2.4** പട്ടികജാതി /പട്ടികവർഗ വിഭഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകുന്നതിന് കോഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചിരുന്നു. പഠനമുറി നൽകുന്നതിന് മാനദണ്ഡങ്ങൾ നിലവിലില്ലാത്തതിനാൽ പല തദ്ദേശഭരണ സ്ഥാപനങ്ങളും ഈ ആനുകൂല്യം നൽകുന്നതിന് സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് താഴെപ്പറയുന്ന സ്പഷ്ടീകരണം നൽകുന്നു.

- പട്ടികജാതി– പട്ടികവർഗ വിദ്യാർത്ഥികൾക്ക് വീടുകളിൽ പഠനമുറി
- നിലവിൽ വാസയോഗ്യമായ വീടുള്ള പട്ടികജാതി പട്ടിക വർഗ കുടംബങ്ങളിലെ വിദ്യാർത്ഥികൾക്കായിരിക്കണം പഠനമുറി ലഭ്യമാക്കേണ്ടത്.
- വിദ്യാർത്ഥിയുടെ രക്ഷിതാവായിരിക്കണം അപേക്ഷ നൽകേണ്ടത്.
- ബി.പി.എൽ. കുടുംബമായിരിക്കണം
- നിലവിലുള്ള വീട് 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ളതായിരിക്കണം.
- നിർമ്മിക്കുന്ന പഠനമുറിക്ക് 120 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണമുണ്ടായിരിക്കണം.
- നിലവിലുള്ള ഒരു മുറി പഠനമുറിയാക്കുകയല്ല. പുതിയ മുറി നിർമ്മിക്കണം
- എസ്റ്റിമേറ്റ് തയ്യാറാക്കണം എഞ്ചിനീയർ മെഷർമെന്റ് എടുക്കണം
- മെഷർമെന്റ് അടിസ്ഥാനമാക്കി പരമാവധി 1 ലക്ഷം രൂപ അനുവദിക്കാം
- പട്ടികജാതി പട്ടികവർഗ വികസന വകുപ്പിൽ നിന്ന് ഈ ഇനത്തിന് ധനസഹായം ലഭിച്ചവർ വീണ്ടും തദ്ദേശഭരണ സ്ഥാപനത്തിൽ നിന്ന് ധനസഹായം ലഭിക്കാൻ അർഹരല്ല. ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥനിൽ നിന്ന് ഇത് സംബന്ധിച്ച സർട്ടിഫിക്കറ്റ് സമർപ്പിക്കണം.

**2.5** രണ്ട് തവണ ഭേദഗതി ചെയ്ത പ്രോജക്ടുകൾ വീണ്ടും ഭേദഗതി ആവശ്യപ്പെട്ടുകൊണ്ട് പല തദ്ദേശഭരണ സ്ഥാപനങ്ങളും ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ആരംഭിക്കാത്ത പ്രോജക്ടുകൾ ഡ്രോപ്പു ചെയ്യുന്നതിനും ആരംഭിച്ച പ്രോജക്ടുകൾക്ക് ഭേദഗതി പാടില്ലെന്നും നിർദ്ദേശിച്ചു തീരുമാനിച്ചു.

**2.6** തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് ഹോണറേറിയം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് അടുത്ത കമ്മിറ്റിയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് തദ്ദേശഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പ്ലാനിംഗ്ബോർഡ് അംഗം ശ്രീ. സി.പി.ജോൺ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ എന്നിവർ ഉൾപ്പെടുന്ന ഉപസമിതിയെ ചുമതലപ്പെടുത്തി.

**2.7** തദ്ദേശഭരണ സ്ഥാപനങ്ങളിൽ താൽക്കാലികമായി ജോലി ചെയ്യുന്ന ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കാലാവധി 31.03.2016–ൽ അവസാനിക്കുന്നത്

ഒരു വർഷത്തേയ്ക്കു കൂടി (31.03.2017) ദീർഘിപ്പിച്ചു നൽകുന്നതിനും തനത് ഫണ്ടിൽ നിന്നും ഹോണറേറിയം നൽകുന്നതിനും അനുമതി നൽകി തീരുമാനിച്ചു.

**2.8** ആർ.എം.എസ്.എ സ്കീമിൽ ജില്ലാ പഞ്ചായത്ത് പ്ലാൻഫണ്ട് വിഹിതം നൽകുന്നതിന് അനുമതി നൽകി തീരുമാനിച്ചു. 86 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റ് വരുന്ന കെട്ടിടത്തിന്റെ 27.88 ലക്ഷം രൂപ വീതം ജില്ലാ പഞ്ചായത്ത് പദ്ധതി വിഹിതമായി 10 ജില്ലകളിലെ 52 സ്ക്കൂളുകൾക്ക് 1433.60 ലക്ഷം രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 ഒരുമനയൂർ ഗ്രാമപഞ്ചായത്ത് (ഫയൽനം.9/എഫ്.എം.2/2016/തസ്വഭവ)**

**തഴക്കര ഗ്രാമപഞ്ചായത്ത്**

ഗ്രാമപഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക 2015–16–ലെ റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് അടവാക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു. നിലവിലുള്ള ഉത്തരവ് പ്രകാരം തെരുവുടാപ്പുകളിൽ നിന്ന് കുടിവെള്ളം ഉപയോഗിക്കുന്നവർക്ക് സബ്സിഡി നൽകി വീടുകളിൽ കുടിവെള്ളം എത്തിക്കുന്നതിനും തെരുവുടാപ്പുകൾ നിർത്തലാക്കുന്നതിനും ടി പഞ്ചായത്ത് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 അയർക്കുന്നം ഗ്രാമപഞ്ചായത്ത് (ഫയൽനം.14/ഡി.ബി.1/2016/തസ്വഭവ)**

1997–98 വർഷം ഭവന നിർമ്മാണത്തിന് തെരഞ്ഞെടുക്കുകയും രണ്ടു വർഷങ്ങളിലായി 52500 രൂപ ധനസഹായം കൈപ്പറ്റുകയും എന്നാൽ പണി പൂർത്തീകരിക്കാതിരിക്കുകയും ചെയ്ത കേസിലെ ഗുണഭോക്താവായ പട്ടികജാതി വനിതയ്ക്ക് നിലവിൽ അനുവദനീയമായ ധനസഹായ തുകയിൽ നിന്ന് കൈപ്പറ്റിയതിന്റെ ബാക്കി തുക നൽകാൻ അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ ആനുപാതികമായി ബാക്കി തുക നൽകാൻ നിലവിൽ നിർദ്ദേശമുള്ളതായി നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് (ഫയൽനം.20/ആർ.സി.1/2016/തസ്വഭവ)**
**(ബഹു പേരാമ്പ്ര എം.എൽ.എ ശ്രീ. കെ. കുഞ്ഞഹമ്മദ് മാസ്റ്റർ മുഖേന)**

വനിത വ്യവസായ എസ്റ്റേറ്റിനായി കൂടുതൽ സ്ഥലം ആർജ്ജിക്കുന്നതിന് അനുവാദം നൽകണമെന്ന ആവശ്യത്തിന്മേൽ വാങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലം തണ്ണീർത്തടമായതിനാൽ പാരിസ്ഥിതികമായ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന് ഗ്രാമവികസന കമ്മീഷണർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 ഉള്ളിയേരി ഗ്രാമപഞ്ചായത്ത്**

പൊതു വിഷയം 2.5 തീരുമാനം ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് എം.ഡി.യുടെ കത്ത്**

ആറു ജില്ലകളിൽ എൽ.ഇ.ഡി. ബൾബുകൾ ഒഴികെയുള്ള തെരുവുവിളക്കുകളുടെ വിതരണവും മറ്റും ഏൽപ്പിച്ചു നൽകിയ 15.07.2015–ലെ 2134/15/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള കാലാവധി അടുത്ത മൂന്നു വർഷത്തേയ്ക്ക് ദീർഘിപ്പിച്ചു നൽകണമെന്ന ആവശ്യം പരിശോധിക്കുകയും എ.എം.സി. കൂടി ഏറ്റെടുക്കണമെന്ന വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് പുതുക്കി നൽകാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 കുറിച്ചി ഗ്രാമപഞ്ചായത്ത് (ബഹു. ചങ്ങനാശ്ശേരി എം.എൽ.എ ശ്രീ. സി.എഫ് തോമസ് മുഖാന്തിരം)**

വൃക്ക രോഗം, ഹൃദ്രോഗം എന്നിവ ബാധിച്ച പട്ടികജാതിക്കാർക്ക് ചികിത്സാ സഹായം നൽകുന്നതിന് അനുമതി നൽകേണ്ടതില്ലെന്നും ചികിത്സാ സഹായം സംബന്ധിച്ച് വകുപ്പുതലത്തിൽ പദ്ധതികൾ ഉണ്ടെന്നും നിരീക്ഷിച്ചു.

പട്ടികജാതിക്കാരായ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകണമെന്ന ആവശ്യം പരിശോധിക്കുകയും ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ/ലാപ്ടോപ് നൽകേണ്ടതില്ലെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയറുടെ കത്ത് – സർവീസ് ടാക്സ് സംബന്ധിച്ച്**

സർവീസ് ടാക്സ് കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 താനൂർ ബ്ലോക്ക് പഞ്ചായത്ത്**

ക്ലബുകൾക്ക് സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്യുന്ന പ്രോജക്ട് ഏറ്റെടുക്കാൻ അനുമതി സംബന്ധിച്ച വിഷയം പരിശോധിക്കുകയും ബ്ലോക്ക് പഞ്ചായത്തിന് ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് സംയുക്ത പദ്ധതിയായി ഏറ്റെടുക്കാവുന്നതാണെന്ന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ കത്ത് – ഷോളയാർ ഗ്രാമപഞ്ചായത്ത്**

വൈദ്യുതി കമ്പിവേലി ലഭ്യമാക്കുന്നതിന് അടയ്ക്കേണ്ട 7500 രൂപ ഗുണഭോക്തൃ വിഹിതം അടയ്ക്കുന്നത്ൽ നിന്ന് പട്ടികജാതിക്കാരെ ഒഴിവാക്കണമെന്ന ആവശ്യം പരിശോധിക്കുകയും വൈദ്യുത കമ്പിവേലി ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ടായി ഏറ്റെടുക്കാൻ അനുവദിച്ചു തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 കുമാരപുരം ഗ്രാമപഞ്ചായത്ത്**

8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണം നൽകാൻ അനുമതി ആവശ്യപ്പെട്ടതിന്മേൽ മാർഗരേഖപ്രകാരം നൽകാവുന്ന ഇനങ്ങൾ വിതരണം ചെയ്യാവുന്നതാണെന്ന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 ഇടുക്കി ജില്ലാ പഞ്ചായത്ത്**

ഇപ്പോൾ മുനിസിപ്പാലിറ്റി ആയ പ്രദേശത്ത് മുമ്പ് ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത 2 പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് വെറ്റിംഗ് ഓഫീസർക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു. ഈ വിഷയം സംബന്ധിച്ച് കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം നേരത്തെയുള്ളതാണെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12പീരുമേട് ഗ്രാമപഞ്ചായത്ത്**

റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രദേശത്ത് ടി വകുപ്പിന്റെ മുൻകൂർ അനുമതിയില്ലാതെ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ചുമത്തിയ ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കണമെന്നും പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ അനുമതി നൽകണമെന്നുമുള്ള ആവശ്യം വകുപ്പുതലത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 കോട്ടയം ജില്ലാ കളക്ടറുടെ കത്ത്**

ജില്ലാ ഭരണകൂടം നടപ്പിലാക്കുന്ന ശുചിത്വ കോട്ടയം പദ്ധതിയിൽ സഹകരിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് അംഗീകൃത ഏജൻസികളിൽ നിന്നോ ടെണ്ടർ മുഖേനയോ വേസ്റ്റ് ബിന്നുകൾ വാങ്ങുന്നതിനും വാർഡ് തലത്തിലുള്ള ശുചിത്വശ്രീ ഗ്രൂപ്പുകൾക്ക് പരിശീലനവും പ്രത്യേക യൂണിഫോമും മാലിന്യ നീക്കത്തിന് വാഹന വാടകയും നൽകുന്നതിന് അനുമതി നൽകണമെന്ന ആവശ്യം പരിശോധിക്കുകയും അത്തരം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് തടസ്സം ഇല്ലെന്ന് നിരീക്ഷിക്കുകയും ചെയ്തു. എന്നാൽ സംയുക്ത പ്രോജക്ട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിലും ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ചേർന്നുള്ളതായിരിക്കണമെന്നും എങ്കിൽ മാത്രമേ വികേന്ദ്രീകൃത ഭരണ സംവിധാനത്തിന് അനുസൃതമായിരിക്കുകയുള്ളൂ എന്നും യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ കത്ത് – കണ്ണൂർ നഗരസഭയുടെ പ്രോജക്ട്**

നഗരസഭയിലെ തായത്തൊരു റോഡിന്റെ വീതി വർദ്ധിപ്പിക്കുന്നതിന് സ്ഥലം വിട്ടു നൽകുന്നവർക്ക് മുമ്പുണ്ടായിരുന്ന മതിൽ പൊളിച്ചു നീക്കുന്നതിനു പകരമായി പുതിയ മതിൽ നിർമ്മിച്ചു നൽകുന്നതിന് അനുമതി നൽകണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 മറവൻ തുരുത്ത് ഗ്രാമപഞ്ചായത്ത്**

2010–ൽ നിർമ്മിച്ച തൂക്കു പാലത്തിന്റെ മെയിന്റനൻസ് ജോലികൾ ഏറ്റെടുക്കാൻ ഗ്രാമപഞ്ചായത്തിനെ അനുവദിക്കണമെന്ന ആവശ്യം അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 . ഇരിങ്ങാലക്കുട ബ്ലോക്ക്പഞ്ചായത്ത് (ബഹു. ചീഫ് വിപ്പ് ശ്രീ. തോമസ് ഉണ്ണിയാടന്റെ കത്ത്)**

സംസ്ഥാനത്തെ മികച്ച മൂന്നാമത്തെ പഞ്ചായത്തായി തെരഞ്ഞെടുക്കപ്പെട്ടതിന് സമ്മാനത്തുകയായി പ്രഖ്യാപിച്ച തുക ഉപയോഗിച്ച് പഞ്ചായത്ത് കോൺഫറൻസ് ഹാൾ നവീകരിക്കുന്നതിന് തനത് ഫണ്ട് ചെലവഴിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 നാദാപുരം ഗ്രാമപഞ്ചായത്ത്**

വ്യവസ്ഥകൾക്ക് വിധേയമായി പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനും ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകുന്നതിനും നിലവിൽ അനുമതിയുള്ളതാണെന്ന് യോഗം നിരീക്ഷിച്ചു.

തെരുവുവിളക്കുകൾ സ്ഥാപിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയായതിനാൽ പട്ടികജാതി സങ്കേതങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനും അനുമതി നൽകി തീരുമാനിച്ചു.

പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ബി.എഡ്ഡ്, പോളിടെക്നിക്ക്, സി.എ, എം,ബി.എ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ലാപ്ടോപ് നൽകുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

. (നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 മറയൂർ ഗ്രാമപഞ്ചായത്ത്**

നിർമ്മാണ പ്രവൃത്തികൾ ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കാൻ അനുവദിക്കണമെന്ന ആവശ്യം നിലവിലെ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ അംഗീകരിക്കാനാവില്ല എന്ന് യോഗം നിർദ്ദേശിച്ചു.

തെരുവുവിളക്ക് സാമഗ്രികളുടെ കാര്യത്തിൽ നിലവിലെ സർക്കാർ ഉത്തരവ് പാലിക്കാനും നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 പനങ്ങാട് ഗ്രാമപഞ്ചായത്ത് (ബഹു. ബാലുശ്ശേരി എം.എൽ.എ . ശ്രീ. പുരുഷൻ കടലുണ്ടി മുഖേന)**

താഴെപ്പറയുന്ന മൂന്ന് പ്രോജക്ടുകളും 2015-16 വർഷത്തിൽ നടപ്പാക്കാൻ അനുമതി നൽകി തീരുമാനിച്ചു. എന്നാൽ മുൻവർഷങ്ങളിലെ ഓഡിറ്റ് തടസ്സങ്ങൾക്ക് ഇതുമായി ബന്ധമില്ലെന്നും തീരുമാനിച്ചു.

1) പൊതു വിദ്യാലയങ്ങളിലെയും അംഗന വാടികളിലെയും കുട്ടികളുടെ സർഗശേഷി വർദ്ധിപ്പിക്കുന്നതിനായി 50000 രൂപ തനത് ഫണ്ട് വകയിരുത്തി സംഘടിപ്പിക്കുന്ന ശലഭോൽസവം
2) എസ്.സി. എസ്.റ്റി വിഭാഗങ്ങൾ അടക്കമുള്ള കുട്ടികൾക്ക് ശാസ്ത്ര കാർഷിക പരിസ്ഥിതി വിഷയങ്ങളിൽ താല്പര്യം ജനിപ്പിക്കുന്നതിന് 80000 രൂപ തനത് ഫണ്ട് വകയിരുത്തി സംഘടിപ്പിക്കുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതി
3) സമ്പൂർണ്ണ ആരോഗ്യവൻമാരായ പുതുതലമുറയെ വാർത്തെടുക്കുന്നതിന് 85000 രൂപ തനത് ഫണ്ട് വകയിരുത്തി സംഘടിപ്പിക്കുന്ന സമ്പൂർണ്ണ കായിക ക്ഷമത പരിപാടി

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 മഞ്ചേരി നഗരസഭ**

ശിഹാബ് തങ്ങൾ ഭവന പദ്ധതിക്കായി 12 കോടി രൂപ വായ്പ എടുത്ത് 600 ഭവനങ്ങൾ നിർമ്മിച്ചതിന്റെ പലിശ പ്ലാൻ ഫണ്ടിൽ നിന്നും അടവാക്കുന്നതിന് അനുമതി നൽകണമെന്ന ആവശ്യം പ്രത്യേക കേസായി അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 പാലാ നഗരസഭ**

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി പാല നഗരസഭയ്ക്ക് ഡബിൾ ടയർ മഹീന്ദ്ര നിസാൻ ടാങ്കർ ലോറി വാങ്ങുന്നതിന് അനുമതി നൽകണമെന്ന നഗരകാര്യ ഡയറക്ടറുടെ ശുപാർശ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(വൈകുന്നേരം 4.30 മണിക്ക് അവസാനിച്ചു)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 2016 ഫെബ്രുവരി 17 ന് ഉച്ചകഴിഞ്ഞ് 2.30 മണിക്ക് ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അസംബ്ലി ചേമ്പറിൽ കൂടുന്നതിന് തീരുമാനിച്ചു.**